# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2898      15/02/2013 ൽ മറുപടിക്ക്

## സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർക്കാർ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാനിലവാരം പരിശോധിക്കുവാനും മെച്ചപ്പെടുത്തുവാനും ഏതെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ; ഈ സർക്കാർ വന്നതിനു ശേഷം സർക്കാർ വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് ഭാഷാ പഠനത്തിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ വിശദമാക്കുമോ; ഇതിനു വേണ്ടി ഇംഗ്ലീഷ് ഭാഷാധ്യാപകർക്കും മറ്റ് വിഷയങ്ങൾ ഇംഗ്ലീഷിൽ പഠിപ്പിക്കുന്ന അധ്യാപകർക്കും പ്രത്യേക പരിശീലനം നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ മാത്രമായി ഇംഗ്ലീഷ് ഭാഷാനിലവാരം പരിശോധിച്ചിട്ടില്ല. എന്നാൽ എസ്.സി.ഇ.ആർ.ടിയും അതത് ജില്ലകളിൽ ഡയറ്റും, ബാംഗ്ലൂരിലെ റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷും കേരള സിലബസിലുള്ള മലയാളം/ഇംഗ്ലീഷ് മീഡിയങ്ങൾ ഉൾപ്പെടുന്ന സ്കൂളുകളിൽ വിവിധ കാലങ്ങളിലായി കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാനിലവാരം പരിശോധിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനു ശേഷം ഒന്ന്, രണ്ട് ക്ലാസുകളിലെ ഇംഗ്ലീഷ് ഭാഷാ പഠനത്തിനായി എസ്.സി.ഇ.ആർ.ടി ഒരു ഇന്ററാക്ടീവ് ഡിവിഡി വികസിപ്പിക്കുകയും ആയത് കേരളത്തിലെ എല്ലാ സ്കൂളുകൾക്കും എ.ഇ.ഒ ഓഫീസുകൾ വഴി സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ് ഇന്ററാക്ടീവ് ഡിവിഡി കൈകാര്യം ചെയ്യാൻ എല്ലാ ജില്ലകളിലും ഡയറ്റിന്റെ നേതൃത്വത്തിൽ ജില്ലാ റിസോഴ്സ് ഗ്രൂപ്പുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. എസ്.എസ്.എ വഴിയാണ് ഇന്ററാക്ടീവ് ഡിവിഡി കൈകാര്യം ചെയ്യാൻ അധ്യാപകരെ പരിശീലിപ്പിക്കുന്നത്. കൂടാതെ കേരളത്തിൽ ഇ.എഫ്.എൽ. യൂണിവേഴ്സിറ്റിയുടെ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനം 10-ാം ക്ലാസിലെ കുട്ടികളെ പരീക്ഷയ്ക്ക് സഹായിക്കുന്നതിനായി ഫിനിഷിംഗ് ടച്ച് എന്ന പുസ്തകം തയ്യാറാക്കി നൽകുന്നുണ്ട് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജണൽ |

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് സൗത്ത് ഇന്ത്യ എന്ന സ്ഥാപനം കേരളത്തിലെ പ്രൈമറി, ഹൈസ്കൂൾ അധ്യാപകർക്കായി ഒരു വർഷത്തിൽ രണ്ട് പ്രാവശ്യം 30 ദിവസത്തെ സർട്ടിഫിക്കറ്റ് ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് പ്രോഗ്രാം നടത്തുന്നുണ്ട്.

| | |
|---|---|
| ബി) മത്സര പരീക്ഷകളിൽ സർക്കാർ വിദ്യാലയങ്ങളിൽ പഠിച്ചുവരുന്ന കുട്ടികൾ മെച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കുന്നതിനുവേണ്ടി സ്കൂൾ തലത്തിൽ കുട്ടികൾക്ക് നൽകുന്ന പ്രത്യേക പരിശീലനം എന്താണെന്നു പറയാമോ; ഇതിനുവേണ്ടി അധ്യാപകരെ പ്രത്യേകമായി നിയമിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) മത്സര പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വയ്ക്കുന്നതിനായി സ്കൂൾ തലത്തിൽ കുട്ടികൾക്കും അധ്യാപകർക്കും പ്രത്യേകം പരിശീലനം നൽകാറില്ല. പ്രത്യകമായി അധ്യാപകരെയും നിയമിക്കാറില്ല. |

സെക്ഷൻ ഓഫീസർ